# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5170 — 24.10.2011-ലെ മറുപടിക്ക്

## വെള്ളൂർ-വെളിയന്നൂർ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. കെ. അജിത് | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) വെള്ളൂർ-വെളിയന്നൂർ കുടിവെള്ള പദ്ധതി, തലയാഴം കുടിവെള്ളപദ്ധതി എന്നീ പദ്ധതികൾ പ്രകാരം ഏതൊക്കെ പഞ്ചായത്തുകളിലാണ് കുടിവെള്ള വിതരണം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ; | (എ) വെള്ളൂർ - വെളിയന്നൂർ പദ്ധതി പ്രകാരം വെള്ളൂർ, മുളക്കുളം . ഞീഴൂർ, കുറവിലങ്ങാട്, ഉഴവൂർ, വെളിയന്നൂർ എന്നീ പഞ്ചായത്തുകളിലും തലയാഴം പദ്ധതി പ്രകാരം തലയാഴം, ടി.വി. പുരം, വെച്ചൂർ, ഉദയനാപുരം, ചെമ്പ്, മറവിൻതുരുത്ത്, കടുത്തുരുത്തി, തലയോലപറമ്പ് എന്നീ പഞ്ചായത്തുകളിലുമാണ് കുടിവെള്ളം വിതരണം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. |
| (ബി) ഈ പദ്ധതികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;<br><br>(സി) ഈ പദ്ധതികൾക്കുവേണ്ടി ഏതൊക്കെ പഞ്ചായത്തുകളിൽ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട് ; ഏതൊക്കെ പഞ്ചായത്തുകളിൽ ഇനി പൈപ്പുകൾ സ്ഥാപിക്കേണ്ടതായുണ്ട് ; | (ബി) + (സി) മേവെള്ളൂർ പ്ലാന്റിലെ പമ്പ്ഹൗസ് കിണറ്റിൽ നിന്നും ശുദ്ധീകരണശാലയിലേക്കുള്ള പൈപ്പ്ലൈൻ, അനുബന്ധജോലികൾ മുതലായവ പണി തീരുവാനുണ്ട്. കൂടാതെ തലയാഴം പദ്ധതിയുടെ പമ്പിംഗ് മെയ്ൻ ലൈൻ, വെള്ളൂർ [illegible] റെയിൽവെ സ്റ്റേഷനു സമീപം റെയിൽവെ ക്രോസ് ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടില്ല. ഇവ പൂർത്തിയാക്കുന്നതിനുള്ള സമയം വേണ്ടതിനാലാണ് പദ്ധതിയ്ക്ക് കാലതാമസം വന്നത്.<br><br>ടി.വി.പുരം പഞ്ചായത്തിലേയ്ക്കുള്ള ഗ്രാവിറ്റി മെയ്ൻ, തലയോലപറമ്പ് സംഭരണിയിലേയ്ക്കുള്ള ഗ്രാവിറ്റി മെയ്ൻ, വെള്ളൂർ പഞ്ചായത്തിലെ റെയിൽവെ ക്രോസിംഗ്, പൊതുഘടകമായ റോ വാട്ടർ |

പമ്പിംഗ് മെയ്ൻ എന്നിവ പൂർത്തിയാക്കാനുണ്ട്. മറ്റെല്ലാ പഞ്ചായത്തുകളിലും പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ചെറിയ ഗ്യാപ് ക്ലോസിംഗ് ഒഴികെ പൂർത്തിയായിട്ടുണ്ട്.

(ഡി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അനുമതിക്കായി ഏതെങ്കിലും ഫയൽ തീർപ്പാകാനുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(ഡി) പ്രസ്തുത പദ്ധതികളുടെ പൊതുഘടകമായ റോ വാട്ടർ പമ്പിംഗ് മെയിനിന്റെ ദർഘാസ്, ടി.വി.പുരം പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെ ദർഘാസ് പരിശോധിച്ച് വരുന്നു. കൂടാതെ വെള്ളൂർ പഞ്ചായത്തിലുൾപ്പെടുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള റെയിൽവേ ക്രോസിംഗിനുള്ള അനുമതിയും ലഭിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**